**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1263** | **01-02-2024 - ൽ മറുപടിയ്ക്ക്**

**കല്ലടക്ക-ചെർക്കള റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് നിയോജകമണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡ് പുനർനിർമ്മിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച തീയതികൾ, കവറിൽ ഒപ്പുവച്ച തീയതി എന്നിവ വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നിയോജകമണ്ഡലത്തിലെ കിഫ്‌ബി പദ്ധതിയായ കല്ലടക്ക ചെർക്കള റോഡ് പുനർനിർമ്മാണത്തിനായി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്‌ബിയിൽ നിന്നും 39.76 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളതുമാണ്.<br><br>ഭരണാനുമതി തീയതി - 01/11/2016<br><br>സാങ്കേതികാനുമതി തീയതി - 11/07/2018<br><br>കരാറിൽ ഒപ്പുവച്ച തീയതി - 17/10/2018<br><br>സാമ്പത്തികാനുമതി ലഭിച്ച മുഴുവൻ തുകയുടെ പ്രവൃത്തികൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | ഭരണാനുമതി തുക എത്രയായിരുന്നുവെന്നും മുഴുവൻ തുകയുടെയും പ്രവൃത്തികൾ നടന്നു കഴിഞ്ഞോ എന്നും വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് നിയോജകമണ്ഡലത്തിലെ കിഫ്‌ബി പദ്ധതിയായ കല്ലടക്ക ചെർക്കള റോഡ് പുനർനിർമ്മാണത്തിനായി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്‌ബിയിൽ നിന്നും 39.76 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളതുമാണ്.<br><br>ഭരണാനുമതി തീയതി - 01/11/2016<br><br>സാങ്കേതികാനുമതി തീയതി - 11/07/2018<br><br>കരാറിൽ ഒപ്പുവച്ച തീയതി - 17/10/2018<br><br>സാമ്പത്തികാനുമതി ലഭിച്ച മുഴുവൻ തുകയുടെ പ്രവൃത്തികൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടില്ല. |
| (സി) | ഇതുവരെ ചെയ്ത പ്രവൃത്തികളെയും ഇനി ചെയ്യാൻ ബാക്കിയുള്ള പ്രവൃത്തികളെയും സംബന്ധിച്ച | (സി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 19.19 കി.മീ. റോഡ് ആണ് ഉൾപ്പെടുത്തിയിരുന്നത്. |

| | | | |
|---|---|---|---|
| | വിശദാംശം നൽകാമോ; | | എന്നാൽ പ്രവൃത്തിക്കായി സർവ്വേ ചെയ്തപ്പോൾ ആകെ റോഡിന്റെ നീളം 18.63 കി.മീ. ആണ് എന്ന് കണ്ടെത്തിയിരുന്നു. ഇതിൽ KSTP പദ്ധതിയിൽ ഉൾപ്പെട്ട 727 മീറ്റർ ഒഴികെയുള്ള 17.90 കി.മീ. നീളമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിൽ 16.61 കി. മീ നീളത്തിൽ ആദ്യ ലയർ ടാറിങ് പൂർത്തീകരിച്ചു. ശേഷിക്കുന്ന സെക്കൻഡ് ലയർ ടാറിങ്, റോഡ് സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, റോഡ് മാർക്കിങ് പ്രവൃത്തികൾ, എന്നിവ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. |
| (ഡി) | നിലവിലെ കരാറുകാരൻ എത്ര രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും കരാറുകാരന് മുഴുവൻ തുകയും നൽകിയോ എന്നും വ്യക്തമാക്കാമോ; | (ഡി) | നിലവിൽ കരാറുകാരൻ 27,87,11,193/- രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട് ആയതു കരാറുകാരന് അനുവദിച്ചിട്ടുള്ളതുമാണ്. |
| (ഇ) | കരാറുകാരൻ പ്രവൃത്തി പകുതി വഴി ഉപേക്ഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) | കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാരിയേജ് വേ 7 മീറ്ററിൽ നിന്നും 9 മീറ്ററിലേക്ക് അഭിവൃദ്ധിപ്പെടുത്തി. ആയത് മൂലം പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായി വന്നു. കിഫ്ബിയുടെ നിർദ്ദേശപ്രകാരം ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെടുകയും ബാക്കി പ്രവൃത്തി ചെയ്യുവാൻ കഴിയില്ല എന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ 21.03.2023 തീയതിയിൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ഡിഫെക്ട് ലയബിലിറ്റി പിരീഡിൽ നിന്നും കരാറുകാരനെ ഒഴിവാക്കിയിട്ടില്ല. |
| (എഫ്) | നിലവിലെ കരാറുകാരനെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഒഴിവാക്കിയതെന്നും ഏറ്റെടുത്ത പ്രവൃത്തി പകുതിയിൽ ഉപേക്ഷിക്കുമ്പോൾ കരാറുകാരൻ പാലിക്കേണ്ട നിബന്ധനകൾ ഈ കരാറുകാരൻ പാലിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (എഫ്) | കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാരിയേജ് വേ 7 മീറ്ററിൽ നിന്നും 9 മീറ്ററിലേക്ക് അഭിവൃദ്ധിപ്പെടുത്തി. ആയത് മൂലം പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായി വന്നു. കിഫ്ബിയുടെ നിർദ്ദേശപ്രകാരം ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെടുകയും ബാക്കി പ്രവൃത്തി ചെയ്യുവാൻ കഴിയില്ല എന്ന് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ 21.03.2023 തീയതിയിൽ പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ഡിഫെക്ട് ലയബിലിറ്റി പിരീഡിൽ നിന്നും കരാറുകാരനെ ഒഴിവാക്കിയിട്ടില്ല. |
| (ജി) | ഈ റോഡിന്റെ ബാക്കിയുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും അതിനു വേണ്ടി വരുന്ന തുക എത്രയാണെന്നും പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും അതിനുവേണ്ടി സ്വീകരിക്കാനിരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ജി) | ബാക്കി വരുന്ന പ്രവൃത്തികളായ സെക്കന്റ് ലെയർ ടാറിംഗ്, റോഡ് സുരക്ഷാസംവിധാനങ്ങൾ, കലുങ്കുകൾ, ഓവുചാലുകൾ, സംരക്ഷണഭിത്തി, പ്രധാന ജംഗ്ഷനുകളുടെ അഭിവൃദ്ധിപ്പെടുത്തൽ മുതലായവ ഉൾപ്പെടുത്തിയിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ആയതിന് അംഗീകാരം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ